കമ്മറ്റിയുടെ ശുപാർശ ലഭിച്ചശേഷം ഇക്കാര്യത്തിൽ ആവശ്യമെങ്കിൽ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതാണ്.

(സി) എൻ.ഐ.സി.യുമായി സഹകരിച്ചാണ് കമ്പ്യൂട്ടർവൽക്കരണം നടപ്പാക്കുന്നത്. ഈ വിഷയത്തിൽ സി.എം.സി, സി-ഡാക്, ഇ.സി.ഐ.എൽ, കെൽട്രോൺ എന്നീ കമ്പനികളുമായും ചർച്ചകൾ നടത്തിയിട്ടുണ്ട്.

(ഡി) മൈക്രോസോഫ്റ്റ് (ഇന്ത്യ) എന്ന കമ്പനിയുമായി സഹകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സി-ഡിറ്റ്, ഈ മേഖലയിലുള്ള മറ്റു കമ്പനികളുമായും ചർച്ചകൾ നടത്തിവരുന്നു.

10 (2195) ഭരണപരിഷ്ക്കാര കമ്മിഷൻ

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. സി.ടി. അഹമ്മദ് അലി :
ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണപരിഷ്ക്കാര കമ്മിഷന്റെ പ്രവർത്തനം എന്നാരംഭിച്ചു;

(ബി) കമ്മിഷന്റെ പ്രവർത്തന കാലാവധി എന്നുവരെയാണ്;

(സി) ഈ കാലയളവിനുള്ളിൽ കമ്മിഷൻ പ്രവർത്തനം പൂർത്തിയാക്കാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഭരണപരിഷ്ക്കാര കമ്മിറ്റി 2.6. 97 ൽ പ്രവർത്തനമാരംഭിച്ചു.

(ബി)&(സി) കമ്മിറ്റിയുടെ പ്രവർത്തനത്തിന് പ്രത്യേക കാലാവധി നിശ്ചയിച്ചിട്ടില്ല. എന്നാൽ ഒരു വർഷത്തിനകം പ്രവർത്തനം പൂർത്തിയാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

11 (2196) ബോർസ്റ്റൽ സ്കൂളുകൾ

ശ്രീ. ജോസ് ബേബി :
ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. പി. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാമാണ് ബോർസ്റ്റൽ സ്കൂളുകൾ സ്ഥാപിച്ചിട്ടുള്ളത്;

(ബി) ഓരോ സ്കൂളിലും 1998-99 കാലയളവിൽ ആദ്യം ഉണ്ടായിരുന്നവർ, പുതുതായി വന്നവർ, വിടുതൽ ചെയ്തവർ എത്ര വീതമാണെന്നും ഇപ്പോൾ ഓരോ സ്കൂളിലും എത്രപേർ വീതമുണ്ടെന്നും വ്യക്തമാക്കാമോ;

(സി) നിലവിൽ എന്തെല്ലാം പരിശീലനമാണ് ഈ സ്കൂളുകളിൽ നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly